## പതിമൂന്നാം കേരള നിയമസഭ

### പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 1083** **20/01/2014-ൽ മറുപടിക്ക്**

### <u>സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗം</u>

| <u>ചോദ്യം</u> | | <u>ഉത്തരം</u> |
|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ മൊബൈൽ ഫോൺ ഉപയോഗം പൂർണ്ണമായും നിരോധിച്ചിട്ടുണ്ടോ; എങ്കിൽ നിരോധനം കർശനമായി നടപ്പാക്കാൻ എന്തൊക്കെ നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്; | (എ) | ഉണ്ട്. വിദ്യാർത്ഥികൾ വിദ്യാലയങ്ങളിൽ മൊബൈൽ ഫോൺ ഉപയോഗിക്കുവാൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അദ്ധ്യാപകർ മൊബൈൽ ഫോൺ ക്ലാസ്സിൽ കൊണ്ടുപോകാനും പാടില്ല. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്കെതിരെയും അദ്ധ്യാപകർക്കെതിരെയും നടപടി സ്വീകരിക്കുവാൻ സ്ഥാപന മേധാവിക്കും എത്തിക്സ് കമ്മിറ്റിക്കും അധികാരം നൽകിയിട്ടുണ്ട്. കൂടാതെ ഒരു സീനിയർ അദ്ധ്യാപകൻ, ഒരു വനിതാ അദ്ധ്യാപിക, പി.റ്റി.എ. പ്രതിനിധി, ഒരു വിദ്യാർത്ഥി എന്നിവർ ഉൾപ്പെട്ട സർപ്രൈസ് ഇൻസ്പെക്ഷൻ സ്ക്വാഡുകളും രൂപീകരി ച്ചിട്ടുണ്ട്. |
| (ബി) ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഇതിൽ ഇളവ് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (ബി) | ഇല്ല. |
| (സി) നിരോധനം ലംഘിക്കുന്നവർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (സി) | നിർദ്ദേശം ലംഘിക്കുന്നവരുടെ മൊബൈൽ ഫോൺ കണ്ടുകെട്ടുകയും ലേലത്തിൽ വിൽക്കുകയും ചെയ്യുന്നുണ്ട്. ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതിനായി കേരള വിദ്യാഭ്യാസ ചട്ടത്തിൽ ആവശ്യമായ ഭേദഗതികളും വരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | സ്കൂളുകളിൽ ക്യാമറ ഇന്റർനെറ്റ് സംവിധാനമുള്ള മൊബൈലുകൾ കുട്ടികൾ ദുരുപയോഗം ചെയ്യുന്ന സ്ഥിതിവിശേഷം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ ? | (ഡി) | എത്തിക്സ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മൊബൈൽ ഫോൺ കണ്ടുകെട്ടുന്നതടക്കമുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ വ്യാപകമായ ബോധവൽക്കരണവും നടത്തുന്നുണ്ട്. |

Sreedevi

**സെക്ഷൻ ഓഫീസർ**